തായും പത്രത്തിൽ വരികയുണ്ടായി. അങ്ങനെയുള്ള ആരോപണങ്ങളും ഒരു പൊതുപ്രവർത്തകന്റെ മേൽ വന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയില്ല. എന്തുകൊണ്ടെന്നുപറഞ്ഞാൽ കറപ്ഷന്റെ നിർവ്വചനത്തിൽ ഇത് ഉൾപ്പെടുന്നില്ല. അതുകൊണ്ട് അഴിമതിയുടെ നിർവ്വചനത്തിൽ പൊതുക്കാര്യപ്രവർത്തകൻ വരുമാനവുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ അമിതമായി സ്വത്ത് സമ്പാദിച്ചത് അഴിമതിയായിട്ട് നിർവ്വചനത്തിൽ പെടുത്തണം. എന്റെ ബില്ലിന്റെ ലക്ഷ്യവും അതാണ്. ഈ റിപ്പോർട്ട് വരുന്നതിനുമുമ്പാണ് ഞാൻ കൊടുത്തതെങ്കിൽ എന്റെ അമെൻറുമെൻറ് എത്രമാത്രം ശരിയായിരുന്നു എന്ന് ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ ശുപാർശയുമായി വളരെ വ്യക്തത കാണുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെൻറ് എന്ത് തീരുമാനം എടുത്തുവെന്നുള്ളത് വളരെ പ്രസക്തമാണ്. അതുകൊണ്ട് അഴിമതിയെന്നുള്ള വാക്കിന്റെ നിർവ്വചനത്തിൽ സ്വത്തുസമ്പാദനം വ്യക്തമായി ഉൾപ്പെടുത്തണം.

ശ്രീ. വയലാർരവി: ബില്ലിൽ definition (C) യിൽ പറയുന്നത് "(c)..... by corrupt or illegal means or by otherwise abusing his position as a publicman obtains for himself or for anyother person. any valuable thing or pecuniary advantage"..... Sir, This amounts to corruption according to this definition.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് വരില്ല. കാരണം ഒരാളിനെക്കുറിച്ച് അഴിമതിയാരോപണം നടത്തിയാൽ അയാളുടെ ഭാഗമായിട്ട് ഒരു അന്വേഷണം മാത്രമേ വരൂ. സബ്സറ്റാൻഷ്യലായിട്ട് ഒരു പ്രൊവിഷനില്ല. അഴിമതിയെന്നുള്ള ആ നിർവ്വചനത്തിൽ സബ്സ്റ്റാൻഷ്യലായിട്ട് സ്വത്ത് സമ്പാദിക്കുന്നത്, **disproportionate** to his income എന്നുള്ള നിലയിൽ വ്യക്തമായി **ചേർക്കാതെ** ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച general പ്രൊവിഷൻ പോരാ. അതാണ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്, Paragraph VI (13)—ൽ അതു പറഞ്ഞിട്ടുണ്ട്. summary of recommendations—ൽ അത് വ്യക്തമാക്കുന്നുണ്ട്. Last paragraph of the summary of recommendations.... Please refer to the recommendation of the Commission. "A Publicman may have said to committed corruption....." ഇത് ഞാൻ മുമ്പ് വായിച്ചതാണ്. അങ്ങനെയൊരു വ്യക്തത ഉണ്ട്. അതുകൂടി ചേർക്കണം. എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്ന മറെറാരുകാര്യം കേരളനിയമസഭയിലെ പല മന്ത്രിമാരെ സംബന്ധിച്ച്, പൊതുപ്രവർത്തകരെ സംബന്ധിച്ച് അഴിമതിയാരോപണങ്ങളും ഉണ്ടായിട്ടുണ്ട്. ഇന്നും നിലനിൽക്കുന്നുമുണ്ട്. അത് ഞാൻ ആവർത്തിക്കുന്നില്ല.

(ചർച്ച തുടരും)

(4) 1985—ലെ കേരള വേനനിർമ്മാണ സഹകരണസംഘം ബിൽ

ശ്രീ. എം.എം. ഹസ്സൻ: സർ, ഞാൻ ഉദ്ദേശിക്കുന്നത് വേന നിർമ്മാണ സഹകരണ സംഘങ്ങളെ സംബന്ധിച്ച് അതിന്റെ പ്രവർത്തനത്തിന് ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ചില സഹായങ്ങളും വേണം. ഗവൺമെൻറ് അത് പരിഗണിക്കുകയാണെങ്കിൽ ഞാൻ ഇന്നുതന്നെ ഇതിനെക്കുറിച്ചുള്ള എന്റെ പ്രസംഗം അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്തെ വേനനിർമ്മാണ സഹകരണസംഘങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുള്ള ഒരു വലിയ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഞാനീ നിയമം കൊണ്ടുവന്നത്. ദീർഘകാല വായ്പകളും കൊടുക്കുന്ന സംഘങ്ങളാണ് ഈ ഭവനനിർമ്മാണ സഹകരണ സംഘങ്ങളും. കേരളാ ഗവൺമെന്റിന്റെ പണമല്ല, എൽ.ഐ.സി.യിൽ നിന്ന് കിട്ടുന്ന പണമാണ്. അത് ചാനലൈസ് ചെയ്യാൻവേണ്ടിയാണ് ഹൗസിങ്ങ് സൊസൈറ്റി അപ്പക്സ് ഫെഡറേഷൻ തന്നെ ഉണ്ടാക്കിയത്. പ്രതിവർഷം പത്തുകോടി രൂപ നമ്മുടെ സംസ്ഥാനത്ത് വീടില്ലാത്തവർക്കുവേണ്ടി വീടുവയ്ക്കുന്നതിന് വിതരണം നടത്തുക എന്നു പറയുന്നത് വലിയ ഒരു സാമൂഹ്യപ്രതിപാടിയാണ്, ഈ ഗവൺമെന്റിനെ സഹായിക്കുന്ന ഒരു പ്രവർത്തനമാണ്.

പാർപ്പിട പ്രശ്നം പരിഹരിക്കാനുള്ള ഗണ്യമായ പങ്ക് വഹിക്കുന്ന സഹകരണ സംഘങ്ങളാണ് ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ. ഇതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആദ്യം എതിർത്തപ്പോൾ പറഞ്ഞത്, ലാൻഡ് ഡവലപ്പ്മെന്റ് ബാങ്കുകൾ പോലെ പ്രത്യുല്പാദനപരമല്ലാത്ത വായ്പകൾ കൊടുക്കുന്ന സംഘങ്ങളാണ് ഭവന നിർമ്മാണ സംഘങ്ങൾ എന്നുള്ളതുകൊണ്ടാണ് ഇതിനെ എതിർക്കുന്നതെന്ന്. ഈ എതിർപ്പും നിയമ വകുപ്പിന്റെ ഉപദേശങ്ങളുമൊന്നും മുഖവിലയ്ക്ക് ന്യായീകരിക്കാൻ എനിക്ക് സാദ്ധ്യമല്ല. കാരണം, നമ്മുടെ നിയമവകുപ്പിനെക്കുറിച്ച് ഈ നിയമസഭയിൽ നിന്നുകൊണ്ട് മോശമായ - പരാമർശനങ്ങളൊന്നും ഞാൻ നടത്തുന്നില്ല. ആ നിയമവകുപ്പ് കൊടുക്കുന്ന നിയമോപദേശത്തിന്റെ പേരിൽ ഈ രംഗത്ത് എന്തെല്ലാം അപകടങ്ങളുണ്ടായിട്ടുണ്ട്. നമ്മുടെ ഒരു മുഖ്യ മന്ത്രിക്ക്, അദ്ദേഹത്തിന്റെ മുഖ്യമന്ത്രി സ്ഥാനം പോലും ഒരിക്കൽ നഷ്ടപ്പെട്ടത് നിയമവകുപ്പിന്റെ നിയമോപദേശമനുസരിച്ചായിരുന്നു. അത്ര പ്രഗൽഭമായ നിയമവകുപ്പാണ്. ആ നിയമവകുപ്പ് കൊടുക്കുന്ന ഉപദേശങ്ങളൊന്നും ഞാൻ അംഗീകരിക്കാൻ തയ്യാറാകുന്നില്ല.

ശ്രീ. സി.എഫ്. തോമസ്: എല്ലായ്പ്പോഴും മുഖ്യമന്ത്രിയെ കുഴപ്പത്തിലാക്കുന്ന നിയമോപദേശമാണോ ഇത്?

ശ്രീ. എം.എം. ഹസ്സൻ: ഞാൻ പറയുന്നത്, 'നിയമോപദേശം നിയമവകുപ്പ് കൊടുക്കുന്ന അന്തിമമായ നിയമോപദേശമായിട്ടോ ഒരു ആധികാരികമായ നിയമോപദേശമായിട്ടോ മാത്രം മന്ത്രിമാർ എടുക്കരുത്. അതിനു രണ്ടാമതൊരു ലീഗൽ അഡ്വൈസ് കൂടി എടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് ഒരു പുനർചിന്തനം കാണിക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്?

ശ്രീ. പി.സി. ജോർജ്ജ്: നിയമവകുപ്പ് കൊടുക്കുന്ന അഭിപ്രായങ്ങളെല്ലാം അന്തിമമല്ലായെന്നുള്ളതിന് തെളിവ് ഈ അടുത്ത കാലത്ത് കേരളത്തിൽ തന്നെയുണ്ടല്ലോ?

ശ്രീ. എം.എം. ഹസ്സൻ: ഞാൻ വിവാദപരമായ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ശ്രീ. പി.സി. ജോർജ്ജ് പറഞ്ഞ തെളിവ് ശ്രീ. ബാലകൃഷ്ണപിള്ളയുടെ തെളിവാണോ?

ശ്രീ. എ.സി. ഷൺമുഖദാസ്: പാർട്ടിയുടെ സ്ഥിതി ആലോചിച്ച് ശ്രീ. ഹസ്സൻ ഓരോ പദവും വളരെ ആലോചിച്ചേ ഉപയോഗിക്കൂ എന്ന് ഞങ്ങൾക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: ഞങ്ങളുടെ പാർട്ടിയുടെ സ്ഥിതി എങ്ങിനെയാണ് ശ്രീ. ഷൺമുഖദാസ്, മനസ്സിലാക്കുന്നത്. ശ്രീ. ഷൺമുഖദാസിന്റെ സംസാരം കേട്ടാൽ തോന്നും അദ്ദേഹത്തിന്റെ മനമിങ്ങും ഉടലങ്ങുമാണെന്ന്, കോൺഗ്രസ് സംസ്കാരത്തെക്കുറിച്ച്, എപ്പോഴും സംസാരിക്കുന്ന അദ്ദേഹത്തിന് ഞങ്ങളെ വിട്ട് ചിന്തിക്കാൻ സാദ്ധ്യമല്ല. ശ്രീ. നായനാർ അത് മനസ്സിലാക്കിയിരിക്കണം. കാര്യം വരുമ്പോൾ ശ്രീ. നായനാരുടെ മനസ്സിൽ അതുണ്ടാകണം. മനമിങ്ങും ഉടലങ്ങും അതാണ് ശ്രീ. ഷൺമുഖദാസിന്റെ സ്ഥിതി.

ശ്രീ. എം.വി. രാഘവൻ: ശ്രീ: ഹസ്സനെപ്പോലെയുള്ള ആളുകളെ കൊണ്ടുനടന്നിട്ടുള്ള അനുഭവം ഞങ്ങൾക്കുണ്ടല്ലോ? അതുപോലെയല്ല ശ്രീ. ഷൺമുഖദാസ് എന്ന് അനുഭവത്തിൽ മനസ്സിലാക്കിയിട്ടുണ്ട്.

ശ്രീ. എം.എം. ഹസ്സൻ: നിങ്ങൾക്ക് കുറെക്കൂടി കഴിയുമ്പോൾ മനസ്സിലായിക്കൊള്ളും. ഞാൻ രാഷ്ട്രീയ പ്രശ്നത്തിലേക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ദീർഘകാല വായ്പകൾ തിരിച്ചടുക്കുന്നതിനു വേണ്ടിയുള്ള.....

ശ്രീ. സി.എഫ്. തോമസ്: രാഷ്ട്രീയ പ്രശ്നമല്ല ചോദിക്കുന്നത്. ഗവൺമെന്റിൽനിന്നും കിട്ടുന്ന നിയമോപദേശം അതേപടി സ്വീകരിക്കുന്നത് അപകടമാണെന്നല്ലേ ശ്രീ. ഹസ്സൻ പറയുന്നത്?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെ എതിർക്കുന്നുയെന്ന് പറഞ്ഞത് എനിക്ക് പരാതിയുള്ളതുകൊണ്ടാണ്. ദീർഘകാല വായ്പയെന്നുള്ളതുകൊണ്ടും റീ പ്രൊഡക്ടീവ് ആയിട്ടുള്ള ലോൺ അല്ലായെന്നുള്ളതുകൊണ്ടും ഇതിനൊരു നിയമം വേണ്ടാ എന്നു പറയുന്നതിനോട് ആണ് യോജിക്കാൻ കഴിയാത്തത്. ഇതിനൊരു നിയമം വേണം. സഹകരണ ഡിപ്പാർട്ടുമെന്റുകളിൽ ആർബിട്രേഷൻ കേസുകളോ മറ്റു കേസുകളോ ഒക്കെ കൈകാര്യം ചെയ്യുന്നത് വിവിധ ടൈപ്പ് സൊസൈറ്റികളാണ്. സഹകരണ സംഘത്തിന്റെ മാത്രം കേസുകളിൽ പ്രാധാന്യം കൊടുക്കാൻ സാധിക്കുകയില്ല. അവർക്കു വർക്കു ലോഡ് കൂടിയിട്ടുണ്ട്. അതുകൊണ്ട് നിയമ പരിരക്ഷ ഈ വായ്പ തിരിച്ചടുക്കുന്നതിൽ ഉണ്ടാകണം. ഒന്ന്. രണ്ടാമത് ഇപ്പോൾ സഹകരണ സംഘങ്ങൾക്ക് ബോറോയിംഗ് കപ്പാസിറ്റി എന്നു പറയുന്നത് ഗവൺമെന്റ് തരുന്ന ഷെയർ കോൺട്രിബ്യൂഷനാണ്. അത് കഴിഞ്ഞ വർഷം 50 ലക്ഷം രൂപ തന്നത് ഇപ്രാവശ്യം 40 ലക്ഷം രൂപയായി കുറച്ചു. അത് വീണ്ടും കുറയ്ക്കാൻ ആലോചിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. അങ്ങനെ കുറച്ചു കഴിഞ്ഞാൽ 10 കോടി 13 കോടി രൂപവരെ ഞങ്ങൾക്കു കിട്ടാൻ അവകാശമുണ്ട്. കഴിഞ്ഞ വർഷം പത്തു കോടിയാണ്. അങ്ങനെ കൂടിക്കൂടി വരുന്നത് ഇല്ലാതാകും. അത് ഗവൺമെന്റ് ആലോചിക്കണം. നമ്മുടെ ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രി മാത്രം വിചാരിച്ചാൽ പോരാ എന്ന് എനിക്കറിയാം. ധനകാര്യമന്ത്രിയും ആ കാര്യത്തിൽ സഹായിക്കണം. അതുപോലെ ഡിബഞ്ചർ (പൊതുക്കടം) എടുക്കാൻ ഞങ്ങൾക്ക് അനുവാദം തരുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ്: പ്രാഥമിക ഹൗസിംഗ് സൊസൈറ്റികൾ ഒരു സമരം നടത്തി. ഇന്നലെ ബഹുമാനപ്പെട്ട വകുപ്പു മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇതു പറഞ്ഞപ്പോഴും ധനകാര്യവകുപ്പു മന്ത്രി ഒരു കാരണവശാലും അത് പരിഗണിക്കുന്നില്ലായെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ശ്രീ. ഹസ്സൻ ചെയ്തതുപോലെ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ധനകാര്യമന്ത്രിയുടെ വീട്ടു പടിക്കൽ ഒരു സമരം കൂടി സംഘടിപ്പിച്ചാലോ?

ശ്രീ. എം.എം. ഹസ്സൻ: എനിക്ക് ചെയ്യാവുന്ന കാര്യങ്ങളും ഞാൻ ചെയ്തു. ഗവൺമെന്റിനോട് പറയാനുള്ള ബാദ്ധ്യതയുള്ളതുകൊണ്ട് ഞാൻ പറഞ്ഞു. നിങ്ങളൊക്കെയാണെങ്കിൽ സമരം നടത്തുമോ, ഭരണപക്ഷത്തിരിക്കുമ്പോഴും? ഞാൻ നടത്തിയില്ലേ? അതാണ് നമ്മും തമ്മിലുള്ള വ്യത്യാസം.

ശ്രീ. എ.സി. ഷൺമുഖദാസ്: ശ്രീ. മാണിയും ശ്രീമതി കമലവും ആയതുകൊണ്ടാണ്.

ശ്രീ. എം.എം. ഹസ്സൻ: ആരായാലും നടത്തും..

ശ്രീ. എം.വി. രാഘവൻ: നിങ്ങളും എന്തു സമരമാണ് നടത്തിയത്?

ശ്രീ. എം.എം. ഹസ്സൻ: അത് പത്രത്തിൽ വന്നതാണ്. ഇനി ആവർത്തിക്കുന്നില്ല. അതുകൊണ്ട് ഷെയർ കോൺട്രിബ്യൂഷൻ കുറച്ചു കളയരുത്. ഡിബഞ്ചർ വളരെ കുറഞ്ഞ തുകയ്ക്കു കിട്ടുന്നതാണ്. ആ ഡിബഞ്ചർ ഒരു കോടി രൂപ ഞങ്ങൾക്കു തന്നത്. 50 ലക്ഷമായി ചുരുക്കി. അത് അടുത്ത വർഷം ഒരു കോടി രൂപ തരണം. ഇങ്ങനെ ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പലിശ സബ്സിഡി 53 ലക്ഷം രൂപയുടെ കാര്യം ഇന്നലെ ഇവിടെ പറഞ്ഞു. അത് അടിയന്തിരമായി കിട്ടാനുള്ള ഏർപ്പാടുണ്ടാകണം. ഞങ്ങൾ ധനകാര്യ മന്ത്രിയോടും മുഖ്യമന്ത്രിയോടും ആവർത്തിച്ചാവർത്തിച്ച് നിവേദനം നടത്തിയതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: ഇന്നലെ ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, അത് നോട്ട് പുട്ട് അപ് ചെയ്തതാണ്, പണം കിട്ടിയിട്ടില്ല, ധനകാര്യ വകുപ്പാണ് തരേണ്ടതെ എന്നു പറഞ്ഞു. ശ്രീ. ഹസ്സൻ ഏതായാലും സെക്രട്ടേറിയറ്റിൽ സമരത്തിന് വന്ന സ്ഥിതിക്ക് ശ്രീ. ഹസ്സനും ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയും കൂടി ധനകാര്യമന്ത്രിയുടെ വീട്ടു പടിക്കൽ സമരത്തിന് പോകാൻ തയ്യാറുണ്ടോ?

ശ്രീ. എം.എം. ഹസ്സൻ: എനിക്ക് ആരുടെ മുമ്പിലും സമരം ചെയ്യാൻ യാതൊരു മടിയുമില്ല. പണം കിട്ടണമെന്നേയുള്ളൂ. സംഘങ്ങൾക്കു പണം വാങ്ങി കൊടുക്കണം. അതുകൊണ്ട് സഹകരണ ഭവന നിർമ്മാണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദാരമായ ഒരു സ്ഥിതി ഗവൺമെന്റ് സ്വീകരിക്കണം എന്നേ എനിക്ക് ചുരുക്കത്തിൽ പറയാനുള്ളൂ.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ശ്രീ. എം.എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ല് പൂർണ്ണമായും അംഗീകരിക്കാൻ, ഗവൺമെന്റിന് സാദ്ധ്യമല്ല. അത് അവതരിപ്പിച്ച സന്ദർഭത്തിൽ തന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ ഭവന നിർമ്മാണ സഹകരണ ഫെഡറേഷൻ 1970-ൽ രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതാണ്. അതിന്റെ കീഴിൽ 205 ഓളം പ്രൈമറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തുകൊണ്ട് ദീർഘകാല വായ്പകൾ കൊടുക്കുകയാണ്. അതിന് സമഗ്രമായ ഒരു നിയമ പരിരക്ഷ ആവശ്യമാണെന്നുള്ളതാണ് ശ്രീ. എം.എം. ഹസ്സൻ ഉന്നയിച്ചിട്ടുള്ള ആവശ്യം. ഇത് ഗവൺമെന്റ് വളരെ കൂലങ്കഷമായി പരിശോധിച്ചു. പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ ചില കാര്യങ്ങൾക്കു ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്. അതായത് ഈ ബില്ലിന്റെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ഡത്തിൽ ഹൗസിംഗ് ഫെഡറേഷന് ഗവൺമെന്റ് 51 ശതമാനം ഷെയർ ക്യാപ്പിറ്റൽ നൽകണമെന്ന് അനുശാസിക്കുന്നുണ്ട്. ഈ നിബന്ധന ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം ഗവൺമെന്റിനോട് അനുശാസിക്കാവുന്നതല്ല. ഈ ബില്ലിലുള്ള പല വകുപ്പുകളും ഇപ്പോഴും നിലവിലുള്ള Indian Registration Act, Land Acquisition Act, ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട് തുടങ്ങിയ ചില ആക്ടുകളുടെ ചില വകുപ്പുകൾക്കു വിരുദ്ധമായിട്ടുള്ളതാണ്. അതുകൊണ്ട് ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് പ്രത്യേക ബില്ല് ആവശ്യമില്ലായെന്നാണ് ഗവൺമെന്റിന്റെ നിലപാട്. അതേ സന്ദർഭത്തിൽ എനിക്ക് ബഹുമാനപ്പെട്ട ഹസ്സനോട് പറയാനുള്ളത്, നമ്മുടെ അസംബ്ലിയിൽ 1985–86–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രസ്താവിച്ചതും റവന്യൂ വകുപ്പു മന്ത്രി 15–7–1985–ലെ തന്റെ പ്രസ്താവനയിൽ ഈ സഭയിൽ ഉറപ്പ് നൽകിയിട്ടുള്ളതുമായ ഷെൽട്ടർ ആൻഡ് ബിൽഡിംഗ് ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് നടപടി എടുത്തു വരികയാണ്. ഈ കോർപ്പറേഷൻ രൂപീകൃതമാകുന്നതോടുകൂടി കേരളത്തിലെ ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കുമുള്ള ഇന്നത്തെ ബുദ്ധിമുട്ടുകൾ പൂർണ്ണമായും പരിഹരിക്കാനാകും എന്നാണ് ഗവൺമെന്റ് കരുതുന്നത്. ബഹുമാനപ്പെട്ട അംഗത്തോട് പറയാനുള്ള മറ്റൊരു കാര്യം ഗവൺമെന്റിന്റെ മുമ്പിൽ ഇന്ന് സമഗ്രമായ ഒരു സഹകരണ നിയമം പരിശോധനയിലിരിക്കുകയാണ്. എന്നുള്ളതാണ്. അതിന്റെ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ.സി. ഷൺമുഖദാസ്: Shelter and Building Finance Corporation–നെക്കുറിച്ച് വിശദീകരണം പറയാൻ കഴിയുമോ? ഹൗസിംഗ് കോർപ്പറേഷനുണ്ട് അപ്പക്സ് സൊസൈറ്റികളുണ്ട്.

ശ്രീമതി എം. കമലം: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് ഇവിടെ പ്രസംഗിച്ചതാണ്, റവന്യൂ വകുപ്പ് മന്ത്രി 15–7–1985–ൽ ഈ സഭയിൽ ഉറപ്പ് നൽകിയിട്ടുള്ളതുമാണ്. Shelter and Building Finance Corporation ഇത് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഞാൻ ഇന്നും അത് അവരുമായി വെരിഫൈ ചെയ്തതാണ്. ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള വിഷമതകൾ പരിഹരിക്കുന്നതിനുള്ള ഒരു സംവിധാനമാണ് അത്. ഗവൺമെന്റ്, Institutional Finance ക്യാപിറ്റൽ വർദ്ധിപ്പിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഷെയർ ക്യാപ്പിറൽ കൊടുക്കുന്ന കാര്യം പറഞ്ഞു. ഇത്തവണ അൽപ്പം കുറച്ചിട്ടുണ്ട്. അത് വർദ്ധിപ്പിച്ച് കൊടുക്കുന്നതിന് ഗവൺമെൻറ് സത്വരമായ ശ്രദ്ധ പതിപ്പിച്ച് കഴിഞ്ഞു. അതിന് ശക്തമായ നടപടികൾ എടുക്കുകയാണ്. ചോദ്യോത്തരവേളയിൽ ഞാൻ പറഞ്ഞതിനെക്കുറിച്ച് പരാമർശനമുണ്ടായി. ഞാൻ ധനകാര്യ മന്ത്രിയെക്കുറിച്ചല്ല പറഞ്ഞത്. ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതി എല്ലാവർക്കുമറിയാം. പൊതുവേ വന്ന വിഷമങ്ങൾ കാരണം ഇക്കണോമിക് കട്ട് ഉണ്ടായി. ആ കട്ടിൻെറ ഫലമായി കാലതാമസമുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് 53 ലക്ഷം രൂപ കുടിശ്ശികയായിപ്പോയത്. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കുള്ള വിഷമങ്ങൾ ഗവൺമെൻറിന് തീർച്ചയായും അറിയാം. ഞാൻ ആവർത്തിച്ച് പറയുകയാണ് സമഗ്രമായ ഒരു സഹകരണ നിയമം ഗവൺമെൻറ് കൊണ്ടുവരുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്, സഹകരണ മേഖലയിലുള്ള എല്ലാ സൊസൈറ്റികൾക്കും പ്രത്യേകം പ്രത്യേകം നിയമമുണ്ടാക്കാൻ സാദ്ധ്യമല്ല. ഹൗസിംഗ് മേഖലയുണ്ട്, പല മേഖലകളും ഉണ്ട്. ഇത് ഓരോന്നിനും പ്രത്യേകം ബില്ല് വേണമെന്നു പറഞ്ഞാൽ വിഷമമുണ്ട്. അതുകൊണ്ട് നിയമത്തിൽ ഒരു പ്രത്യേക ചാപ്റ്റർ ഉൾക്കൊള്ളിച്ചുകൊണ്ട് ഹൗസിംഗ് ഫെഡറേഷനും ഹൗസിംഗ് സൊസൈറ്റികൾക്കുമുള്ള എല്ലാ വിഷമതകളും പരിഹരിക്കുന്നതിനും അതിന് നിയമത്തിൻെറ പരിരക്ഷ കൊടുക്കാൻ ദീർഘകാല വായ്പകൾക്കു ഉണ്ടാകുന്ന പ്രയാസങ്ങൾ, അതുപോലെ അവർക്ക് സാമ്പത്തികമായ അടിത്തറ ഉറപ്പിക്കുന്നതിനുള്ള പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ് ഒരു ചാപ്റ്റർ ഈ നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതിന് ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് ഉറപ്പ് പറയാൻ കഴിയും. അതുകൊണ്ട് ഇത്തരം പ്രത്യേകമായ ബില്ലിന് നിർബന്ധം പിടിക്കാതെ ഈ കാര്യത്തിൽ വേണ്ടത് ചെയ്യാമെന്ന് ഉറപ്പു പറഞ്ഞുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മെമ്പർക്ക് ഇതിനെ സംബന്ധിച്ചുള്ള വ്യക്തമായ ഒരു മറുപടി നൽകുകയാണ്. ഇതിനെ സംബന്ധിച്ച് മറൊന്നും എനിക്ക് ഇപ്പോൾ പറയാനില്ല.

മി. ചെയർമാൻ: ശ്രീ. എം.എം. ഹസ്സൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം.എം. ഹസ്സൻ: മന്ത്രി നൽകിയ ഉറപ്പിൻെറ അടിസ്ഥാനത്തിൽ ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. എം.എം. ഹസ്സൻ ബില്ലിൻെറ അവതരണാനുമതിക്കുവേണ്ടി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(5) 1985-ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. എം.വി. രാഘവൻ: സർ, ഈ ബില്ല് ഇന്ന് മൂവ് ചെയ്തില്ലെങ്കിൽ നിയമസഭ പ്രൊറോഗ് ചെയ്താൽ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് മൂവ് ചെയ്യാൻ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly